പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1514 — 15.06.2012 ൽ മറുപടിയ്ക്ക്

## സാമൂഹ്യക്ഷേമ രംഗത്ത് പുതിയ പദ്ധതികൾ

**ചോദ്യം**

**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

| | | | |
|---|---|---|---|
| എ | ഈ സർക്കാർ അധികാരമേറ്റ ശേഷം സാമൂഹ്യക്ഷേമ രംഗത്ത് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | എ | ഈ സർക്കാർ അധികാരമേറ്റ ശേഷം താഴെപ്പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കി<br>1. വൈകല്യം മുൻകൂർ കണ്ടു പിടിക്കുന്നതിനും തടയുന്നതിനും വൈകല്യ ബാധിതരുടെ വിദ്യാഭ്യാസ ത്തിനും തൊഴിലിനും പുനരധിവാസ ത്തിനുമായുള്ള സംസ്ഥാന സംരംഭം<br>2. ജെൻഡർ പാർക്ക്(കോഴിക്കോട്)<br>3. നിർഭയ പദ്ധതി<br>4. എൻഡോ സൾഫാൻ ദുരിത ബാധിതർക്കുള്ള സമഗ്ര പാക്കേജ്<br>5. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാ സികൾക്കുള്ള പരിചരണ പദ്ധതി<br>6. വയോ മിത്രം പദ്ധതി<br>7. ബധിരരായ കുട്ടികൾക്കുള്ള കോക്ലി യർ ഇംപ്ലാന്റേഷൻ<br>8. മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് ധനസഹായം നല്കുന്ന "സ്നേഹപൂർവ്വം" പദ്ധതി<br>9. മാതൃകാ അംഗൻവാടികളുടെ നിർമ്മാണം<br>10. അവിവാഹിതരായ അമ്മമാർക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ പ്രതിമാസ ധനസഹായം 1000 രൂപയായി വർദ്ധിപ്പിച്ചു. |
| ബി | പുതുതായി എന്തെല്ലാം പദ്ധതി കളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് ? | ബി | സ്ത്രീകൾക്കായുള്ള ഇ-ടോയ്‌ലറ്റുകൾ, ഇൻഫർമേഷൻ സെന്ററുകൾ, തിരുവനന്തപുരത്തും എറണാകുളത്തും, ജെൻഡർ പാർക്കുകൾ പാരാപ്ലജിക്ക് രോഗികൾക്കുവേണ്ടിയുള്ള മാതൃകാ പുനരധിവാസ കേന്ദ്രം തുടങ്ങിയവയാണ് പുതുതായി ആവി ഷ്കരിക്കാനുദ്ദേശിക്കുന്ന മുഖ്യ പദ്ധതികൾ. |

R. Vijayan (signature)

സെക്ഷൻ ഓഫീസർ